**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5401** **21-03-2025 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആരംഭിക്കുമെന്ന് പ്രഖാപിച്ച വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി പബ്ലിക് ഹെൽത്ത് വിംഗ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈകൊണ്ടു വരികയാണ്. |
| (ബി) | രാത്രികാല അടിയന്തര വെറ്ററിനറി സേവനം നടത്തുന്ന ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും മൊബൈൽ വെറ്ററിനറി യൂണിറ്റിലെ ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും യഥാസമയം ശമ്പളം കിട്ടുന്നുണ്ടോ എന്ന വിവരം അറിയിക്കുമോ; | (ബി) | രാത്രികാല അടിയന്തര വെറ്ററിനറി സേവനം നടത്തുന്ന ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും ശമ്പളം നൽകുന്നത് "വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം" എന്ന സംസ്ഥാന പദ്ധതിയുടെ കീഴിലാണ്. പ്രസ്തുത പദ്ധതിയിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് ശമ്പളം നൽകി വരുന്നു.<br><br>മൊബൈൽ വെറ്ററിനറി യൂണിറ്റിലെ ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാകുന്ന മുറയ്ക്കാണ് ശമ്പളം നൽകാൻ സാധിക്കുന്നത്. പ്രസ്തുത വിഹിതങ്ങൾ ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ശമ്പളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | വർഷങ്ങളായി അനിമൽ ബർത്ത് കൺട്രോൾ നടത്തിയിട്ടും തെരുവ് നായ പ്രശ്നം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണം എ.ബി.സി. നിയമങ്ങളിലെ അശാസ്ത്രീയതയാണോ എന്ന് വ്യക്തമാക്കുമോ; മറ്റെന്തെങ്കിലും കാരണങ്ങളുണ്ടോ എന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് കാരണം എ.ബി.സി. നിയമങ്ങളിലെ അശാസ്ത്രീയതയല്ല.<br><br>സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട്) കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. മറ്റുള്ള ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീയ്ക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27/12/2021ലെ സ.ഉ.(സാധാ) നം. 474/2021/AHD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. 2017 മുതൽ 2021 വരെയുള്ള കാലയളവിൽ കുടുംബശ്രീ മുഖാന്തിരം 79,426 നായ്ക്കളിൽ വന്ധീകരണം നടത്തുകയുണ്ടായി. കുടുംബശ്രീയ്ക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി എബിസി പദ്ധതി നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കുന്നു. വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. സംസ്ഥാനത്ത് 15 എബിസി സെന്ററുകൾ പ്രവർത്തിയ്ക്കുന്നു. 15 എബിസി സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ച് വരുന്നു. പുതിയ 5 എബിസി സെന്ററുകൾ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുജനങ്ങളുടെ എതിർപ്പ് കൂടുതൽ എബിസി സെന്ററുകൾ തുടങ്ങുന്നതിന് തടസ്സം നേരിടുന്നു. പോർട്ടബിൾ എബിസി സെന്റർ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. തെരുവുനായകളുടെ സംരക്ഷണം, നിയന്ത്രണം, അനിമൽ ഷെൽട്ടർ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലാണ് വരുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ഇനം നം. | **ജില്ല** | **ശമ്പളം നൽകിയതിന്റെ വിശദാംശങ്ങൾ** |
|---|---|---|
| 1 | തിരുവനന്തപുരം | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഡിസംബർ 2024 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 2 | കൊല്ലം | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഫെബ്രുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് സെപ്റ്റംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 3 | പത്തനംതിട്ട | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് 2 ബ്ലോക്കുകളിൽ നവംബർ 2024 വരെയും 4 ബ്ലോക്കുകളിൽ ഡിസംബർ 24 വരെയും ഒരു ബ്ലോക്കിൽ ജനുവരി 25 വരെയും ഒരു ബ്ലോക്കിൽ ഫെബ്രുവരി 25 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 4 | ആലപ്പുഴ | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഡിസംബർ 2024 വരെയും അറ്റന്റിന് ഫെബ്രുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 5 | കോട്ടയം | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഫെബ്രുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 6 | ഇടുക്കി | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഡോക്ടർമാർക്ക് നവംബർ 2024 വരെയും അറ്റന്റന്റിന് ഡിസംബർ 2024 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 7 | എറണാകുളം | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഡിസംബർ 2024 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 8 | തൃശ്ശൂർ | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ജനുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 9 | പാലക്കാട് | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ഫെബ്രുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് ഒക്ടോബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 10 | കോഴിക്കോട് | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് 11 ബ്ലോക്കുകൾക്ക് ജനുവരി 2025 വരെയും ഒരു ബ്ലോക്കിൽ ഫെബ്രുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് ഒക്ടോബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 11 | മലപ്പുറം | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് 8 ബ്ലോക്കുകളിൽ ജനുവരി 2025 വരെയും 7 ബ്ലോക്കുകളിൽ ഡിസംബർ 2024 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് ഒക്ടോബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 12 | വയനാട് | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് ജനുവരി 2025 വരെ ശമ്പളം നൽകിയിട്ടുണ്ട്. മൊബൈൽ വെറ്ററിനറി യൂണിറ്റിന് ശമ്പളം കുടിശ്ശികയില്ല. |
| 13 | കണ്ണൂർ | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് 5 ബ്ലോക്കുകളിലെ വെറ്ററിനറി ഡോക്ടർമാർക്ക് ജനുവരി 2025 വരെയും 6 ബ്ലോക്കുകളിലെ വെറ്ററിനറി ഡോക്ടർമാർക്ക് ഡിസംബർ 2024 വരെയും അറ്റന്റന്റിന് 6 ബ്ലോക്കുകളിൽ ഫെബ്രുവരി 2025 വരെയും 5 ബ്ലോക്കുകളിൽ ജനുവരി 2025 വരെയും മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും ശമ്പളം നൽകിയിട്ടുണ്ട്. |
| 14 | കാസർഗോഡ് | രാത്രികാല വെറ്ററിനറി സേവനം പദ്ധതിയ്ക്ക് 4 ബ്ലോക്കുകളിൽ നവംബർ 2024 വരെയും 1 ബ്ലോക്കിൽ ഡിസംബർ 2024 വരെയും നൽകി 1 ബ്ലോക്കിൽ കുടിശ്ശികയില്ല. മൊബൈൽ വെറ്ററിനറി യൂണിറ്റിന് നവംബർ 2024 വരെയും 1 ബ്ലോക്കിൽ കുടിശ്ശികയില്ലാതെയും ശമ്പളം നൽകിയിട്ടുണ്ട്. |